പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2902 — 22.06.2012 ൽ മറുപടിയ്ക്ക്

# സാമൂഹ്യ-സാമ്പത്തിക ജാതി സർവ്വേ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ആരംഭിച്ച സാമൂഹ്യ-സാമ്പത്തിക-ജാതി സർവ്വേയുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കുമോ; | എ) | സംസ്ഥാനത്ത് നടന്നു വരുന്ന സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് 14.06.2012 വരെ 95 ശതമാനം എന്യൂമറേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് സർവ്വേയുടെ നടത്തിപ്പ് ചുമതല വഹിക്കുന്നതാരാണെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്തെ സർവ്വേയുടെ നടത്തിപ്പ് ചുമതലവഹിക്കുന്നത് ഗ്രാമവികസന കമ്മീഷണറാണ്. |
| സി) | സർവ്വേ എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; | സി) | സർവ്വെ 2012 ഏപ്രിൽ മാസം 10-ാം തീയതി ആരംഭിച്ച് 2012 മേയ് മാസം 25-ാം തീയതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. |
| ഡി) | പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) | പ്രസ്തുത ലക്ഷ്യം യഥാസമയം നിറവേറ്റാൻ സാധിച്ചില്ല. ആയതിനുള്ള കാരണങ്ങൾ വിലയിരുത്തിയിരുന്നു. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>ദേശീയ ജനസംഖ്യാ രജിസ്റ്ററിന്റെ ഇമേജുകളെ ആധാരമാക്കി ഓരോ എന്യൂമറേഷൻ ബ്ലോക്കിലെയും കുടുംബങ്ങളുടെ കാറ്റലോഗിങ്ങും ഇൻഡക്സിങ്ങും നടത്തിയതിനു ശേഷമാണ് എന്യൂമറേറ്റർ ഫീൽഡിൽ കൊണ്ടു പോകേണ്ടുന്ന . ടാബ്ലറ്റ് പി.സി. യിലേയ്ക്ക് ലോഡ് ചെയ്യേണ്ടത്. എന്നാൽ കാറ്റലോഗിങ് പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ പരിശീലനം സിദ്ധിച്ച ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർമാരുടെ അഭാവം ഈ പ്രവർത്തനത്തിൽ വളരെയധികം കാലതാമസം ഉണ്ടാക്കി. ആയതിനാൽ ഭൂരിഭാഗം എന്യൂമറേറ്റർമാർക്കും യഥാസമയം സർവ്വേ തുടങ്ങാനായില്ല. കൂടാതെ |

ആവശ്യമായ എണ്ണം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ലഭ്യമാക്കാൻ കഴിയാതിരുന്നതും എന്യൂമറേഷൻ വൈകാനിടയാക്കി. ഇക്കാര്യങ്ങളെല്ലാം ഐ റ്റി ഐ പാലക്കാട് നിയമിച്ച വെണ്ടർമാരുടെ ചുമതലയായിരുന്നു. അവരുടെ ഭാഗത്തുണ്ടായ അനാസ്ഥയും കാലതാമസവുമാണ് ഇതിന് കാരണമായത്. ലഭ്യമായ ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർമാരും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും വേതന വർദ്ധനവിനായി സമരം ചെയ്തതും സെൻസസ് പ്രവർത്തനം വൈകാനിടയാക്കി. കാറ്റലോഗിങ്ങ് നടത്തുന്നതിനാവശ്യമായ ടിഫ് ഇമേജുകളിൽ ഉണ്ടായ ന്യൂനതകൾ യഥാസമയം പരിഹരിക്കാനാകാതിരുന്നതും, ഏതാനും എന്യൂമറേഷൻ ബ്ലോക്കുകളുടെ സംക്ഷിപ്ത വീട് പട്ടിക സെൻസസ് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാകാതിരുന്നതും സംസ്ഥാനത്തിന് അനുവദിച്ച ടാബ്ലറ്റ് പി.സി കളിൽ സാധാരണയിലധികം എണ്ണം കേടായതും, ആയത് യഥാസമയം പരിഹരിക്കുന്നതിനുള്ള സർവ്വീസിംഗ് ടീമിന്റെ കുറവുമാണ് സെൻസസ് പ്രവർത്തനം ലക്ഷ്യമിട്ട തീയതിയിൽ പൂർത്തിയാക്കാൻ കഴിയാതിരുന്നതിനുള്ള പ്രധാന കാരണങ്ങൾ.

സെക്ഷൻ ഓഫീസർ